POLICE DEPARTMENT

KERALA

**No. E3-80385/2022/P**
District Police Office,
Palakkad
spplkd.pol@kerala.gov.in
04912536700
Dated. 13-03-2025

**പുനർ ലേല പരസ്യം**

വടക്കന്തറ പോലീസ് ക്വാർട്ടേഴ്സ് വളപ്പിൽ മതിലിനോട് ചേർന്ന് നിൽക്കുന്ന ഒരു അത്തിമരം ഒരു മഴ മരം എന്നിവ മുറിച്ചു മാറ്റുന്നതിന് ഉത്തരവ് നമ്പർ G/2212/2024/LO തീയ്യതി 05.09.2024 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത മരം **19.03.2025** തിയ്യതി കാലത്ത് 11.00 മണിക്ക് പാലക്കാട് സബ് ഡിവിഷണൽ പോലീസ് ഓഫിസിൽ വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ് .

ലേല നിബന്ധങ്ങൾ : -

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻമ്പ് ലേല സ്ഥലത്തു നേരിട്ട് ഹാജരാകേണ്ടതും നിരത ദ്രവ്യമായി 1000 /- രൂപ (ആയിരം രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേല തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും, ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശരിവെച്ച ശേഷം ബാക്കി തുകയും ലേല തുകയുടെ 18 % GST-യും, GST ചേർന്ന തുകയുടെ 5% വനവികസന നികുതിയും അടക്കേണ്ടതാണ്. മരം മുറിച്ച നീക്കം ചെയ്യുമ്പോൾ ആളുകൾക്കും, ഗവർമെൻറ് വകയോ, അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും, അങ്ങനെ സംഭവിച്ചാൽ ആയതിന്റെ പൂർണ ഉത്തരവാദിത്തം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുകയുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരാനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്മെൻറ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം മാറ്റി വെക്കുന്നതിനും, നിർത്തിവെക്കുന്നതിനും ഉള്ള അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തിയ്യതിക്ക് 5 ദിവസം മുൻമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണി മുതൽ 17.00 മണിവരെയുള്ള സമയത്തു പാലക്കാട് അസിസ്റ്റന്റ് സുപ്രണ്ടന്റിന്റെ അനുമതി യോടുകൂടി പരിശോധിക്കാവുന്നതാണ്.

Ajit Kumar

AJIT KUMAR IPS
District Police Chief

| | | |
|---|---|---|
| To | : | എല്ലാ ബോർഡ് അംഗങ്ങൾക്കും തുടർ നടപടികൾക്കായി. |
| Copy To | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും / എല്ലാ ബറ്റാലിയൻ കമ്മാണ്ടന്റുമാർക്കും വേണ്ടത്ര പ്രചാരണത്തിനായി/ ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ ക്യാഷ്യർ, പാലക്കാട് ജില്ലാ പോലീസ് ഓഫീസ് - ലേല തുക കൈപറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും |

E3-80385/2022/P

849e84